പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2803 **28-10-2026-ൽ മറുപടിയ്ക്ക്**

മത്സ്യബന്ധനവും അനുബന്ധ തൊഴിലുകളും നേരിടുന്ന പ്രതിസന്ധി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. പി. പ്രസാദ്
ശ്രീമതി ഗീതാ ഗോപി
ശ്രീ. ജി. ആർ. അനിൽ
ശ്രീ. കെ. കെ. വത്സരാജ്

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തിന്റെ 600 കിലോമീറ്റർ ദൈർഘ്യമുള്ള തീരദേശത്തിന്റെ വിവിധ മേഖലകളെ ഏകോപിപ്പിച്ചു കൊണ്ട് സമുദ്രാധിഷ്ഠിത സമ്പദ് വ്യവസ്ഥ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

മറുപടി: സംസ്ഥാനത്തിന്റെ തീരദേശ മേഖലകളെ ഏകോപിപ്പിച്ചു കൊണ്ടുള്ള സമുദ്രാധിഷ്ഠിത സമ്പദ് വ്യവസ്ഥ വികസനം - ഉറമുഖ വകുപ്പ് മുഖാന്തിരം നടത്തപ്പെടുന്ന മിഷൻ സമുദ്ര പദ്ധതിയിലൂടെയാണ് നടപ്പിലാക്കുന്നത്.

(ബി) സർക്കാർ പ്രഖ്യാപിച്ച പദ്ധതിയുടെ ഫലമായി കേരളത്തിലെ പത്ത് ലക്ഷത്തിലധികം വരുന്ന മത്സ്യത്തൊഴിലാളികളുടെയും അൻപത് ലക്ഷത്തിലധികം വരുന്ന ജനങ്ങളുടെയും ഉപജീവനമാർഗ്ഗമായ മത്സ്യബന്ധനവും അനുബന്ധ തൊഴിലുകളും പ്രതിസന്ധിയിലാകുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടില്ല.

(സി) വൻകിട ഉറമുഖങ്ങൾ, സമുദ്രാധിഷ്ഠിത വ്യവസായ മേഖലകളിൽ ലോജിസ്റ്റിക് ഉടങ്ങിയവയുടെ വളർച്ച പരമ്പരാഗത മത്സ്യബന്ധനത്തെയും മത്സ്യത്തൊഴിലാളികളെയും എങ്ങനെ ബാധിക്കുന്നുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

മറുപടി: ആയതു സംബന്ധിച്ച പഠനങ്ങൾ നടത്തിയിട്ടില്ല.

(ഡി) നൂറുശതമാനം മത്സ്യത്തൊഴിലാളികൾ അധിവസിക്കുന്ന തീരദേശ ഗ്രാമങ്ങളിലെ ജനങ്ങളുടെ തൊഴിലിനേയും വരുമാനത്തെയും ബാധിക്കാത്ത വിധത്തിൽ ഈ പദ്ധതി നടപ്പിലാക്കുമോ; വിശദീകരിക്കുമോ?

മറുപടി: ഫിഷറീസ് വകുപ്പ് മുഖാന്തിരം, സമുദ്രവിഭവങ്ങളുടെ സുസ്ഥിര വിനിയോഗം മത്സ്യബന്ധന മേഖലയുടെ വികസനം, തീരദേശ ജനങ്ങളുടെ ഉപജീവനമാർഗങ്ങൾ മെച്ചപ്പെടുത്തൽ എന്നിവ

ലക്ഷ്യമിട്ട് ബ്ലൂ-ഇക്കോണമി സെൽ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങളാണ് സ്വീകരിച്ചു വരുന്നത്. ആയതു പ്രകാരം മത്സ്യ മേഖലയുമായി ബന്ധപ്പെട്ട് തീരദേശ ജനതയുടെ ഉപജീവന മാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സഹായകമായ പദ്ധതികൾ - ആഴക്കടൽ മത്സ്യബന്ധനം, സമുദ്ര മത്സ്യ-കൂട് കൃഷി, കടൽ പായൽ കൃഷി, മത്സ്യ സംസ്കരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ സംഭരണം. വിപണനം, മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണം, സംയോജിതമായ ശീതീകരണ സംവിധാനം എന്നിങ്ങനെയുള്ള പദ്ധതികൾ ആണ് ആവിഷ്കരിച്ചു നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതികൾ തീരദേശ ഗ്രാമങ്ങളിലെ ജനങ്ങളുടെ തൊഴിലിനേയും വരുമാനത്തെയും പ്രതികൂലമായി ബാധിക്കാത്ത വിധത്തിൽ നടപ്പിലാക്കാൻ സാധിക്കും. അയതിലൂടെ മത്സ്യ ബന്ധന മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനും സാധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ